THE FIRST INTERNATIONAL INDIAN NEWSPAPER

# മാധ്യമം

**Sep 2, 2016**



*ഹൈദരാബാദിൽ നടന്ന ഐ.സി.എ.ആർ ദക്ഷിണ മേഖലാ സ്പോർട്സ് മീറ്റിൽ ഓവറോൾ ചാമ്പ്യന്മാരായ സി.എം.എഫ്.ആർ.ഐ ടീം അംഗങ്ങൾ ട്രോഫിയുമായി*

### ഐ.സി.എ.ആർ ദക്ഷിണ മേഖല സ്പോർട്സ് മീറ്റ്

# സി.എം.എഫ്.ആർ.ഐ ഓവറോൾ ചാമ്പ്യന്മാർ

**കൊച്ചി:** ഹൈദരാബാദിൽ നടന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഓവറോൾ ചാമ്പ്യൻമാരായി. ഹൈദരാബാദ് ആസ്ഥാനമായ നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ റിസർച് മാനേജ്മെൻറ് സംഘടിപ്പിച്ച മീറ്റിൽ ഐ.സി.എ.ആറിന് കീഴിലുള്ള 25 ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് 685 പേരാണ് പങ്കെടുത്തത്.

കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളാണ് ഇവ. 38 മത്സരയിനങ്ങളിൽ നിന്ന് 77 പോയൻറ് നേടിയാണ് ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ തുടർച്ചയായ രണ്ടാം തവണയും സി.എം.എഫ്.ആർ.ഐ ചാമ്പ്യന്മാരായത്. 72 പോയൻറ് കരസ്ഥമാക്കിയ ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചർ റിസർചിന് (ഐ.ഐ.എച്ച്.ആർ) ആണ് രണ്ടാം സ്ഥാനം.